"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം (ഭേഷജം) എന്ന സ്ഥാപനത്തിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ തുക ഉപയോഗിച്ച് മരുന്ന് വിതരണം ചെയ്യാനുള്ള അനുമതി 31.12. 2023 വരെ ദീർഘിപ്പിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.566/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 06/03/2020

---

പരാമർശം:- 1 സ.ഉ.(സാധാ)നം. 1935/2018/തസ്വഭവ, തീയതി 17.07.2018

2 സ.ഉ.(സാധാ)നം. 1365/2019/തസ്വഭവ, തീയതി 03.07.2019

3 കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം പ്രസിഡന്റിന്റെ 28.09.2019-ലെ Esst./(Q)279/Govt.supply/2019 നമ്പർ അപേക്ഷ

ഉത്തരവ്

കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം (ഭേഷജം) എന്ന സ്ഥാപനത്തിന് തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള ആയുർവേദ ആശുപത്രികളിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ തുക ഉപയോഗിച്ച് മരുന്ന് വിതരണം ചെയ്യാൻ പരാമർശം (1) പ്രകാരം നൽകിയ അനുമതി പരാമർശം (2) ഉത്തരവ് മുഖേന 18.07.2020 വരെ ദീർഘിപ്പിച്ച് ഉത്തരവ് നൽകിയിരുന്നു. പ്രസ്തുത അനുമതി സഹകരണ സംഘത്തിന്റെ GMP സർട്ടിഫിക്കറ്റിന്റെയും ഡ്രഗ് സ് ലൈസൻസിന്റെയും കാലാവധി അവസാനിക്കുന്ന 31.12.2023 വരെ ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (3) പ്രകാരം കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം പ്രസിഡന്റ് അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം എന്ന സ്ഥാപനം സ്വന്തമായി ഉത് പാദിപ്പിക്കുന്ന, ഡ്രഗ് സ് കൺട്രോളർ ലൈസൻസ് നൽകിയിട്ടുള്ള ആയുർവേദ മരുന്നുകൾ, അവയുടെ ഗുണനിലവാരം ഉറപ്പ് വരുത്തി, നിലവിലുള്ള മറ്റ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട്, മരുന്നുകൾക്ക് 30 മുതൽ 35 ശതമാനം വരെ വിലക്കിഴിവ് പ്രസ്തുത

സ്ഥാപനം അനുവദിക്കണം എന്ന നിബന്ധനയോടെ, തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള ആയുർവേദ ആശുപത്രികളിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ തുക ഉപയോഗിച്ച് മരുന്ന് വിതരണം ചെയ്യാൻ പരാമർശം (2) പ്രകാരം നൽകിയിട്ടുള്ള അനുമതി 31.12.2023 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
ഡയറക്ടർ, ഭാരതീയ ചികത്സാ വകുപ്പ്
പ്രസിഡന്റ്, കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം, മുണ്ടയ്ക്കൽ, കൊല്ലം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ